# മണ്ണിൻെറ ജീവൻ തിരിച്ചെടുക്കാനുള്ള പദ്ധതിക്ക് മുൻഗണന -മന്ത്രി രാധാമോഹൻ സിങ്



കായംകുളത്തെ കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിൽ ദേശീയ കർഷകസംഗമം കേന്ദ്ര കൃഷിമന്ത്രി രാധാമോഹൻ സിങ് ഉദ്ഘാടനം ചെയ്യുന്നു. മന്ത്രി വി.എസ്. സുനിൽകുമാർ, കെ.സി. വേണുഗോപാൽ എം.പി. തുടങ്ങിയവർ സമീപം

**കായംകുളം:** മണ്ണ് പരിപോഷണ പദ്ധതിയ്ക്കാണ് വകുപ്പ് പ്രധാന പരിഗണന നൽകുന്നതെന്ന് കേന്ദ്ര കൃഷിമന്ത്രി രാധാ മോഹൻസിങ് പറഞ്ഞു. മണ്ണിൻെറ നഷ്ടപ്പെട്ട ഫലഭൂയിഷ്ഠതയും ജീവനും തിരിച്ചുപിടിക്കാതെ കാർഷിക രംഗത്ത് മുന്നേറ്റത്തിന് കഴിയില്ല.

കൃഷ്ണപുരത്തെ കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിൽ ദേശീയ കർഷക സംഗമവും പ്രദർശനവും ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

മണ്ണിനെ അറിഞ്ഞ് കൃഷിചെയ്യാൻ ഓരോ കർഷകനേയും പ്രാപ്തരാക്കുകയാണ് ലക്ഷ്യം. അതിനായി 2017-18 ഓടെ കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡുകൾ നൽകും. പഞ്ചായത്തുകൾതോറും സബ്സിഡിയോടുകൂടി മണ്ണ് പരിശോധനാ ലാബുകളും തുടങ്ങും.

കെ.സി. വേണുഗോപാൽ എം.പി. അധ്യക്ഷത വഹിച്ചു. സംസ്ഥാന കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ വിവിധ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം നടത്തി.

സർക്കാർ 14 ജില്ലകളിൽ ആരംഭിക്കുന്ന അഗ്രോ പാർക്കുകളിൽ നാലെണ്ണം നാളികേരാധിഷ്ഠിതമായിരിക്കുമെന്ന് മന്ത്രി സുനിൽകുമാർ പറഞ്ഞു. ഇതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നവംബർ 28ന് ദേശീയ ശില്പശാല നടത്തുമെന്നും മന്ത്രി പറഞ്ഞു.

കാർഷികോത്പാദന കമ്മിഷണർ രാജു നാരായണസ്വാമി, കൃഷിവകുപ്പ് ഡയറക്ടർ ബിജു പ്രഭാകർ, നാളികേര വികസന ബോർഡ് അംഗം പി.ആർ. മുരളി, സി.പി.സി.ആർ.ഐ. ഡയറക്ടർ ഡോ. പി.ചൗഡപ്പ, സി.പി.സി.ആർ.ഐ. കൃഷ്ണപുരം കേന്ദ്രം മേധാവി ഡോ. വി.കൃഷ്ണകുമാർ എന്നിവർ പ്രസംഗിച്ചു.

കേരകർഷകർക്കായി സി.പി.സി.ആർ.ഐ. വികസിപ്പിച്ച ഇ-കല്പ മൊബൈൽ ആപ്ലിക്കേഷൻ, കേരോത്പന്നങ്ങളായ കല്പ ക്രഞ്ച്, കല്പ ഷുഗർ എന്നിവ ചടങ്ങിൽ നാടിന് സമർപ്പിച്ചു.

## കേരകൃഷിയുടെ രക്ഷയ്ക്ക് കേന്ദ്ര ഇടപെടൽ അനിവാര്യം - കെ.സി. വേണുഗോപാൽ

**കായംകുളം:** തെങ്ങിൻേറയും കേരകർഷകരുടേയും രക്ഷയ്ക്ക് കേന്ദ്ര സർക്കാർ ഇടപെടൽ അനിവാര്യമാണെന്ന് കെ.സി. വേണുഗോപാൽ എം.പി. പറഞ്ഞു. ദേശീയ കർഷകസംഗമത്തിലാണ് എം.പി. ഈ രംഗത്തെ പ്രശ്നങ്ങൾ കേന്ദ്ര കൃഷിമന്ത്രി രാധാമോഹൻസിങ്ങിൻെറ ശ്രദ്ധയിൽപ്പെടുത്തിയത്.

കൊപ്രായുടെ താങ്ങുവില വർധിപ്പിക്കണം. പാമോയിലിൻെറ ഇറക്കുമതി ചുങ്കം കൂട്ടുകയും വേണം. മൂല്യവർധിത ഉത്പന്നങ്ങളുടെ വ്യാപനവും നല്ല വിപണിയുമാണ് കേരകർഷകരെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റാനുള്ള പ്രധാനമാർഗം. അതിനാവശ്യമായ പദ്ധതികളും ഫണ്ടും ലഭ്യമാക്കണം. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ അടിസ്ഥാനസൗകര്യങ്ങൾ വർധിപ്പിക്കാൻ നടപടിവേണമെന്നും കെ.സി. വേണുഗോപാൽ ആവശ്യപ്പെട്ടു.